# പതിമൂന്നാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1602 11.02.2013-ൽ മറുപടിക്ക്.

<u>ലോകബാങ്ക് ധനസഹായത്തോടെയുള്ള വികസന പദ്ധതി</u>

| <u>ചോദ്യം</u> | | <u>മറുപടി</u> | |
|---|---|---|---|
| ഡോ.ടി.എം.തോമസ് ഐസക് | | ശ്രീ.മഞ്ഞളാംകുഴി അലി (ബഹു.നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി) | |
| (എ) | നടപ്പു സാമ്പത്തിക വർഷം കേരളത്തിലെ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും ഉൾപ്പെടുത്തിക്കൊണ്ട് ലോകബാങ്ക് ധനസഹായത്തോടെയുള്ള വികസന പദ്ധതി നടപ്പിലാക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയും അതിനായി ലോക ബാങ്ക് മുന്നോട്ടുവെച്ച നിബന്ധനകളും വിശദമാക്കാമോ; | (ബി) | ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.<br>**<u>2011-12 വർഷം ഗ്രാന്റ് ലഭിക്കുന്നതിന്:</u>** തദ്ദേശഭരണ സ്ഥാപനങ്ങളിൽ 2008-09 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ സർട്ടിഫിക്കേഷൻ ആഡിറ്റിൽ ന്യൂനതകൾ ചൂണ്ടിക്കാണിക്കപ്പെടാത്ത (CleanCertificate) സ്ഥാപനങ്ങൾക്കാണ് ഒന്നാം വർഷം ഗ്രാന്റ് അനുവദിക്കുന്നത്. |

**2012-13 വർഷം ഗ്രാന്റ് ലഭിക്കുന്നതിന്:** 2009-10, 2010-11 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ആഡിറ്റിന്റെ സർട്ടിഫിക്കേഷൻ ആഡിറ്റിൽ ന്യൂനതകൾ ചൂണ്ടിക്കാണിക്കപ്പെടാത്ത (Clean Certificate) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മാത്രം. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകരിച്ച ബജറ്റിന്റേയും വാർഷിക പദ്ധതിയുടേയും പകർപ്പ് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കേണ്ടതാണ്.

**2013-14, 2014-15 വർഷം ഗ്രാന്റ് ലഭിക്കുന്നതിന്:** കഴിഞ്ഞ വർഷം ലഭിച്ച പെർഫോമൻസ് ഗ്രാന്റിന്റെ കുറഞ്ഞത് 80 ശതമാനമെങ്കിലും ചെലവഴിച്ചിരിക്കണം. തദ്ദേശസ്വയംഭരണ വകുപ്പ് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റികളുടെ വാർഷിക പ്രവർത്തന അവലോകന വിലയിരുത്തൽ പ്രകാരമായിരിക്കും പെർഫോമൻസ് ഗ്രാന്റിന് അർഹതയുള്ള തദ്ദേശഭരണസ്ഥാപനങ്ങളെ തെരഞ്ഞെടുക്കുക

(സി) പ്രസ്തുത പദ്ധതി എന്നു മുതൽ നടപ്പിലാക്കുകയുണ്ടായി?

(സി) പ്രസ്തുത പദ്ധതി 04.07.2011 ൽ ലോകബാങ്കുമായി കരാറിൽ ഏർപ്പെട്ട അന്നു മുതൽ നിലവിൽ വന്നു.

സെക്ഷൻ ആഫീസർ.